ഖാദി ഗ്രാമമേഖലയിലെ പുതിയ സംരംഭങ്ങൾ

114 (6565) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഖാദി ഗ്രാമവ്യവസായ മേഖലയിൽ പുതുതായി എത്ര സംരംഭങ്ങൾ ആരംഭിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) ഇതുമൂലം എത്രപേർക്ക് പുതുതായി തൊഴിൽ ലഭ്യമായി എന്നും എത്ര തുക ഗ്രാന്റായി അനുവദിച്ചുവെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) പരമ്പരാഗത ഗ്രാമീണ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി എത്ര പേർക്ക് തൊഴിൽ പരിശീലനം നൽകിയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് മുഖേന 31-3-2014 വരെ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (പി.എം.ഇ.ജി.പി.) പ്രകാരം 1166 പുതിയ സംരംഭങ്ങളും സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽദാന പദ്ധതിപ്രകാരം (എന്റെ ഗ്രാമം പദ്ധതി) 455 പുതിയ സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്.

(ബി) ഇതുമൂലം 10762 പേർക്ക് പുതുതായി തൊഴിൽ ലഭ്യമായി. മാർജിൻമണി ഗ്രാന്റായി 3013.10 ലക്ഷംരൂപ അനുവദിച്ചു. ജില്ലതിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) തേനീച്ച വളർത്തൽ പദ്ധതിയിൽ 1560 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

2014-15-ലെ കേന്ദ്ര ബജറ്റിൽ കേരളത്തിനുവേണ്ടി നടപ്പാക്കേണ്ടപദ്ധതികൾ

115 (6566) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 കേന്ദ്ര ബജറ്റിൽ കേരളത്തിന് വേണ്ടി നടപ്പാക്കേണ്ട പദ്ധതികൾ ഏതൊക്കെയാണെന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) 2014-15-ലെ കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി കേന്ദ്ര ധനമന്ത്രി വിളിച്ചുചേർത്ത സംസ്ഥാന ധനമന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാന ധനമന്ത്രി പങ്കെടുക്കുകയും സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ കേന്ദ്ര ബജറ്റിൽ പരിഗണിക്കുന്നതിനായി അവതരിപ്പിക്കുകയും ചെയ്തു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക മാന്ദ്യത്തെ തുടർന്ന് കാർഷിക മേഖലയിലുണ്ടായ തിരിച്ചടി നേരിടുന്ന സംസ്ഥാനങ്ങളെ സഹായിക്കുന്നതിനായി പ്രത്യേക പാക്കേജ് രൂപീകരിക്കുക, വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുകയും വിപണി ഇടപെടലുകൾക്കായി കേന്ദ്രസഹായം അനുവദിക്കുകയും ചെയ്യുക, സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ പുനരുദ്ധരിക്കുന്നതിനായി അടിസ്ഥാന സൗകര്യ വികസനം, വ്യാവസായിക വളർച്ച തുടങ്ങിയവയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് ഒരു പ്രത്യേക മാന്ദ്യ വിരുദ്ധ പാക്കേജ് നടപ്പിലാക്കുക, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടേയും പരമ്പരാഗത വ്യവസായങ്ങളുടേയും പുനരുദ്ധാരണത്തിനായി കേന്ദ്ര സഹായം നൽകുക, പൊതുസേവനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനം നടപ്പിലാക്കുന്ന ഇ-ഗവേണൻസ് പദ്ധതിക്ക് സാമ്പത്തിക സഹായം അനുവദിക്കുക, പോർട്ടിട സൗകര്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ചെലവുകുറഞ്ഞ വായ്പാ പദ്ധതികൾ ആരംഭിക്കുക, ഭവന വായ്പകളുടെ നിലവിലുള്ള പലിശ നിരക്ക് കുറയ്ക്കുക, സംസ്ഥാനത്തെ അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി പ്രത്യേക പാക്കേജ് നടപ്പിലാക്കുക തുടങ്ങിയവയാണ് സംസ്ഥാനം ആവശ്യപ്പെട്ട പദ്ധതികളിൽ പ്രധാനപ്പെട്ടവ.

സംസ്ഥാനത്തിന്റെ ആശങ്കകൾ പരിഹരിച്ചുകൊണ്ട് ജി.എസ്.ടി (GST) നടപ്പിലാക്കുക, സേവന മേഖലയുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിന് നിലവിലെ സർവ്വീസ് ടാക്സുകളുടെ നിരക്കുകൾ കുറയ്ക്കുക, നിർമ്മാണ മേഖലയുടെ വളർച്ച മുൻനിർത്തി ഇറക്കുമതി ചെയ്യുന്ന തടിയുടെ കസ്റ്റംസ് തീരുവ ഒഴിവാക്കുക, വ്യാവസായിക മേഖലയിൽ നിക്ഷേപം ആകർഷിക്കുന്നതിനും വ്യാവസായിക ഉത്പാദനം ത്വരിതപ്പെടുത്തുന്നതിനും വേണ്ടി പുതിയ വ്യവസായ യൂണിറ്റുകൾക്ക് എക്സൈസ് തീരുവയിൽ ഇളവ് അനുവദിക്കുക തുടങ്ങിയ നികുതി നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ട്.

ഇതിനുപുറമെ കേന്ദ്ര ബഡ്ജറ്റിലെ നികുതി ഘടന സംബന്ധിച്ചുള്ള സംസ്ഥാനത്തിന്റെ നികുതി നിർദ്ദേശങ്ങളും കേന്ദ്ര റവന്യൂ മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ പരിഗണിക്കേണ്ട സംസ്ഥാനത്തിന്റെ പ്രധാന ആവശ്യങ്ങൾ, സംസ്ഥാന ആഡംബര നികുതിയുടെ പരിധിയിൽ വരുന്ന ഇനങ്ങളെ കേന്ദ്ര സേവന നികുതിയുടെ പരിധിയിൽക്കൂടി ഉൾപ്പെടുത്തിയ നടപടി പിൻവലിക്കുക, റബ്ബർ, നാളികേരം തുടങ്ങി മുഖ്യമായും സംസ്ഥാനത്തു നിന്ന് ഉത്പാദിക്കപ്പെടുന്ന ഇനങ്ങളുടെ ഇറക്കുമതിചുങ്കം വർദ്ധിപ്പിക്കുക, സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങൾക്ക് നികുതി ഇളവുകൾ നൽകുക തുടങ്ങിയവയാണ് സംസ്ഥാനം സമർപ്പിച്ച നികുതി നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ടവ.

LIBRARY ARCHIVES Kerala Legislative Assembly